"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം. എ.2/250/2024/എസ്.ജെ.ഡി.
സാമൂഹ്യനീതി (എ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 19-09-2025

<u>പരിപത്രം</u>

വിഷയം:- എസ്.ജെ.ഡി- സംസ്ഥാനത്തെ എല്ലാ സർക്കാർ ഓഫീസുകളും സ്ഥാപനങ്ങളും ഭിന്നശേഷി സൗഹൃദപരമാക്കുന്നതിനുള്ള നിർദ്ദേശം - സംബന്ധിച്ച്

സൂചന:- 1. 30.01.2019-ലെ സ.ഉ (സാധാ) നമ്പർ 54/2019/എസ്,.ജെ.ഡി സർക്കാർ ഉത്തരവ്

2. 24.03.2025-ന് സംസ്ഥാന സാമൂഹ്യനീതി വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗം

3. 30.05.2025-ന് ചേർന്ന സംസ്ഥാന ചീഫ് സെക്രട്ടറിയും വകുപ്പ് സെക്രട്ടറിമാരുമായുള്ള പ്രതിമാസ യോഗം

LSG GUIDE

2016-ലെ കേന്ദ്ര ഭിന്നശേഷി അവകാശ നിയമത്തിൻ കീഴിൽ നിയമപരമായ ഉത്തരവുകളും മാർഗനിർദ്ദേശങ്ങളും ഉണ്ടായിരുന്നിട്ടും കേരളത്തിൽ ഉൾപ്പെടെ ഇന്ത്യയിലുടനീളമുള്ള പൊതുകെട്ടിടങ്ങളുടെ ഒരു പ്രധാനഭാഗം ഭിന്നശേഷിക്കാർക്ക് അപ്രാപ്യമായി തുടരുന്നു.

സംസ്ഥാനത്തെ പൊതു സംവിധാനങ്ങൾ ഭിന്നശേഷി സൗഹൃദം ആക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നിഷ്കർഷിച്ചുകൊണ്ട് സൂചന 1-പ്രകാരം സംസ്ഥാന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിൻ പ്രകാരം പ്രാഥമിക പ്രവർത്തനങ്ങളുടെ ഭാഗമായി കേന്ദ്ര സർക്കാരിന്റെ ആക്സസബിൾ ഇന്ത്യ ക്യാമ്പെയ്ൻ പദ്ധതിയുടെ (SIPDA) ഫണ്ട് വിനിയോഗിച്ചും, സംസ്ഥാന സാമൂഹ്യനീതി വകുപ്പിന്റെ നേതൃത്വത്തിലുള്ള ബാരിയർ ഫ്രീ കേരള പദ്ധതിയുടെ ഫണ്ട് വിനിയോഗിച്ചും സംസ്ഥാനത്തെ വിവിധ സർക്കാർ ഓഫീസുകളും പൊതുസംവിധാനങ്ങളും ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. എന്നാൽ ഇത് സംസ്ഥാനത്ത് പൂർണ്ണമായ വിജയമാക്കണമെങ്കിൽ ആയതിന് സംസ്ഥാനത്തെ എല്ലാ വകുപ്പുകളുടേയും സ്ഥാപനങ്ങളുടേയും സംയുക്തമായ പങ്കാളിത്തം ആവശ്യമാണ്.

മേൽ സാഹചര്യത്തിൽ 2016-ലെ കേന്ദ്ര ഭിന്നശേഷി അവകാശ നിയമത്തിൽ (RPWD Act, 2016) നിഷ്കർഷിക്കുന്നതിൻ പ്രകാരവും, Standards/Guidelines notified under the Rights for Persons with Disabilities Rules 2017 അനുസരിച്ചും സംസ്ഥാനത്തെ അതത് വകുപ്പുകളുടെ നിയന്ത്രണത്തിലുള്ള ഓരോ സർക്കാർ ഓഫീസുകളും/സ്ഥാപനങ്ങളും/പൊതു സംവിധാനങ്ങളും ഭിന്നശേഷിസൗഹൃദപരമാണെന്ന് സർക്കാരിലെ എല്ലാ വകുപ്പുകളും ഉറപ്പുവരുത്തേണ്ടതും ഇത്

നടപ്പിലാക്കുന്നതിന് അതത് വകുപ്പുകൾ സ്വന്തം ഫണ്ട് വിനിയോഗിക്കേണ്ടതുമാണ്.

ഡോ അദീല അബ്ദുള്ള ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

സെക്രട്ടേറിയേറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെ എല്ലാ വകുപ്പുതലവന്മാരും/യൂണിവേഴ്സിറ്റികൾ/പൊതുമേഖലാസ്ഥാപനങ്ങൾ/തദ്ദേശസ്വയംഭരണസ്ഥാം
ജില്ലാ കളക്ടർമാർ
റസിഡന്റ് കമ്മീഷണർ, കേരള ഹൌസ്, ന്യൂ ഡൽഹി
ഇൻഫർമേഷൻ ഓഫീസർ, വെബ് ആന്റ് ന്യൂ മീഡിയ ഡിവിഷൻ
വിവര പൊതുജന സമ്പർക്ക വകുപ്പ്, (സർക്കാർ വെബ്-സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിന്)
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, ഗവൺമെന്റ് സെക്രട്ടറിയേറ്റ് (പ്രമുഖ പത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

LSG GUIDE